

DEPUTY SPEAKER

# K.M. HAMSA KUNJU

Shri K.M. Hamsa Kunju, former Mayor and presently Councillor of Kochi Corporation, adorned the Chair of the Deputy Speaker in the seventh Kerala Legislative Assembly. Born as the son of Shri K.B. Mohammed on May 14, 1941 at Ernakulam, he stepped into political and trade union activities after matriculation.

Shri Hamsa Kunju became a member of the Ernakulam Municipal Council in 1966. Subsequently, in 1969 he was elected to the Cochin Corporation. He was the Mayor of Cochin Corporation for a period of 2 ½ years from 1973.

He was also Director of the Kerala Tourism Development Corporation and Greater Cochin Development Authority.

He was elected as Ernakulam District Secretary, IUML in 1975 and became its Working Committee member.

Shri Hamsa Kunju was elected to the seventh Kerala Legislative Assembly from Mattancherry Constituency. He was elected as the Deputy Speaker of the Assembly on June 30, 1982 and occupied the Chair till his resignation on October 7, 1986. Shri K. M. Hamsa Kunju performed the duties of the Speaker for the period from December 29, 1984 to March 7, 1985. Though he was nominated as Chairman of the Committee of Privileges during this period on August 1, 1986, Shri Hamsa Kunju resigned the position on August 19, 1986 for political reasons.

Smt. Nabeesa is his wife and they have one son and one daughter.

ഡെപ്യൂട്ടി
സ്പീക്കർ



# കെ. എം. ഹംസക്കുഞ്ഞ്

കൊച്ചിയുടെ മുൻ മേയറും ഇപ്പോൾ കൊച്ചി കോർപ്പറേഷൻ കൗൺസിലറുമായ ശ്രീ. കെ. എം. ഹംസക്കുഞ്ഞ് ഏഴാം കേരളനിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായിരുന്നു. 1941 മേയ് 14-ാം തീയതി ശ്രീ. കെ. ബി. മുഹമ്മദിന്റെ മകനായി എറണാകുളത്ത് ജനിച്ച ശ്രീ. ഹംസക്കുഞ്ഞ് മെട്രിക്കുലേഷൻ കഴിഞ്ഞ് രാഷ്ട്രീയത്തിലേയ്ക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലേയ്ക്കും പ്രവേശിച്ചു.

1966-ൽ അദ്ദേഹം എറണാകുളം മുനിസിപ്പൽ കൗൺസിലിൽ അംഗമായി. തുടർന്ന് 1969-ൽ കൊച്ചി കോർപ്പറേഷനിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും 1973 മുതൽ രണ്ടരവർഷക്കാലം കോർപ്പറേഷൻ മേയർ പദം അലങ്കരിക്കുകയും ചെയ്തു.

കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷന്റെയും ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റിയുടെയും ഭരണസമിതിയംഗമായും അദ്ദേഹം പ്രവർത്തിച്ചു. 1975-ൽ ഐ.യു.എം.എൽ. എറണാകുളം ജില്ലാ സെക്രട്ടറിയായിരുന്ന ശ്രീ. ഹംസക്കുഞ്ഞ് പിന്നീട് പാർട്ടിയുടെ പ്രവർത്തക സമിതിയിൽ അംഗമായി.

മട്ടാഞ്ചേരി നിയോജകമണ്ഡലത്തിൽ നിന്ന് ഐ.യു.എം.എൽ. ടിക്കറ്റിൽ മത്സരിച്ച് വിജയിച്ച ശ്രീ. ഹംസക്കുഞ്ഞ് ഏഴാം കേരള നിയമസഭയിൽ അംഗമായി. 1982 ജൂൺ 30-ന് അദ്ദേഹം ഡെപ്യൂട്ടി സ്പീക്കറുടെ ചുമതലയേറ്റെടുത്തു. 1986 ഒക്ടോബർ 7-ാം തീയതി രാജി സമർപ്പിക്കുന്നതു വരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. ഈ കാലയളവിൽ അദ്ദേഹത്തെ പ്രിവിലേജസ് കമ്മിറ്റിയുടെ ചെയർമാനായി 1986 ആഗസ്റ്റ് 1-ാം തീയതി നാമനിർദ്ദേശം ചെയ്തെങ്കിലും 1986 ആഗസ്റ്റ് 19-ന് രാഷ്ട്രീയ കാരണങ്ങളാൽ ആ സ്ഥാനം രാജിവയ്ക്കുകയാണുണ്ടായത്.

ശ്രീമതി നബീസയാണ് അദ്ദേഹത്തിന്റെ ഭാര്യ. അവർക്ക് ഒരു മകനും ഒരു മകളുമുണ്ട്.